**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **14-01-2021 - ൽ മറുപടിയ്ക്ക്**

**വൻകിട ജലസേചന പദ്ധതികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തി അനിവാര്യമായവ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങിയിരുന്ന ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ ഇതിനകം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതെന്ന് വെളിപ്പെടുത്താമോ; | (ബി) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയിലെ കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10ന് കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന പദ്ധതികൾ ഏത് ഘട്ടത്തിലാണ്; അവ പൂർത്തീകരിക്കുന്നതിനായി ഇനി എന്ത് തുകയാണ് ആവശ്യമായി വരുന്നത്; അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | കാരാപ്പുഴ പദ്ധതിയുടെ ഹെഡ് വർക്ക്, ഇടതുകര, വലതുകര കനാലുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബ്രാഞ്ച് കനാലുകൾ 47.50 ശതമാനവും ഡിസ്ട്രിബ്യൂട്ടറികൾ 3.50 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 221.10 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. ബാണാസുരസാഗർ പദ്ധതിയിൽ മെയിൻ കനാൽ 84 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി 103.61 കോടി രൂപ ആവശ്യമാണ്. പദ്ധതികളുടെ ത്വരിതഗതിയിലുള്ള പൂർത്തീകരണത്തിനായി ആക്ഷൻപ്ലാൻ അംഗീകരിച്ച പ്രവൃത്തികൾ ഏറ്റെടുത്തു നടത്തി വരുന്നു. ഇടമലയാർ ജലസേചന പദ്ധതിയിൽ കാഞ്ഞൂർ തെക്കും ഭാഗം ബ്രാഞ്ച് കനാലിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു. സ്ഥലമെടുപ്പിനും കനാലിന്റെ നിർമ്മാണത്തിനുമായിട്ട് ഏകദേശം 110 കോടി രൂപ ആവശ്യമായി വരും. ആകെയുള്ള 7575 മീറ്റർ ലിങ്ക് കനാലിൽ 2000 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തിൽ 4025 മീറ്റർ വരെയുള്ള ഭാഗത്തിന്റെ സ്ഥലമേറ്റെടുപ്പിനും നിർമ്മാണത്തിനും, പൂതംകുറ്റി ബ്രാഞ്ച് കനാലിന്റെ നവീകരണത്തിനും |

| | | | |
|---|---|---|---|
| | | | ഇടതുകര കനാലിന്റെ 9/900 കി.മീ. മുതൽ 4.10 കി.മീ. റീമോഡലിംഗിനും കൂടി 98 കോടി രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ